# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പിണറായി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.7/54/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 20/03/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പിണറായി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പിണറായി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പിണറായി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.7/54/2023 തീയ്യതി: 20/03/2023

## കണ്ണൂർ ജില്ലയിലെ പിണറായി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പിണറായി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 04-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. രാജിലൻ. എം. സി. | ഡെപ്യൂട്ടി ഡയറക്ടർ | 05-01-2023 | 17-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 05-01-2023 | 17-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സി.വി. ജ്യോതിഷ് കുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി. ശ്രീജ. കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. നിഖില. എ. എം, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ. കെ. കെ. രാജീവൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. ഷിബു കരുൺ. ടി. | സെക്രട്ടറി | 01-04-2021 | 02-07-2021 |
| ശ്രീമതി. കല. ബി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-07-2021 | 18-07-2021 |
| സി. പി. സജീവൻ | സെക്രട്ടറി | 19-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. കല. ബി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 28-07-2021 |
| ശ്രീ. രാജീവൻ. സി. | അസിസ്റ്റന്റ് സെക്രട്ടറി | 29-07-2021 | 31-03-2022 |
| ശ്രീമതി. ഷൈന വിൽസൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ബുഷറ. ടി. ടി. | കൃഷി ഓഫീസർ | 01-04-2021 | 10-10-2021 |
| ശ്രീ. അജേഷ്. വി. വി. | കൃഷി ഓഫീസർ | 11-10-2021 | 31-03-2022 |
| ശ്രീ. ഷിബിൻ. ടി. | വി.ഇ.ഒ. പിണറായി | 01-04-2021 | 21-06-2021 |
| ശ്രീമതി. സുമിത. വി. | വി.ഇ.ഒ. പിണറായി | 22-06-2021 | 16-12-2021 |
| ശ്രീമതി. രസില. ആർ | വി.ഇ.ഒ. പിണറായി | 17-12-2021 | 31-03-2022 |
| ശ്രീമതി. രസില. ആർ | വി.ഇ.ഒ. എരുവട്ടി | 01-04-2021 | 16-12-2021 |
| ശ്രീമതി. സുമിത. വി. | വി.ഇ.ഒ. എരുവട്ടി | 17-12-2021 | 31-03-2022 |
| ഡോ. ഷൈന. വി. പി. | മെഡിക്കൽ ഓഫീസർ CHC | 01-04-2021 | 31-03-2022 |
| ഡോ. ശ്രീധർ രാജൻ. ടി. | വെറ്റിനറി സർജൻ | 01-04-2021 | 01-08-2021 |
| ഡോ. ദിവ്യാ ബാലൻ | വെറ്റിനറി സർജൻ | 02-08-2021 | 14-11-2021 |
| ഡോ. അനന്തു. എസ്. | വെറ്റിനറി സർജൻ | 15-11-2021 | 31-12-2021 |
| ഡോ. ദിവ്യാ ബാലൻ | വെറ്റിനറി സർജൻ | 01-01-2022 | 31-03-2022 |
| ഡോ. ഡിജോ ജോസ്. എം | മെഡിക്കൽ ഓഫീസർ GAD | 01-04-2021 | 31-03-2022 |
| ശ്രീമതി. സൂര്യ. ഇ. | ICDS സൂപ്പർവൈസർ | 01-04-2021 | 24-11-2021 |
| ശ്രീമതി. രജനി. എം. വി. | ICDS സൂപ്പർവൈസർ | 25-11-2021 | 31-03-2022 |
| ശ്രീമതി. പ്രവീണ. എ. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. സരിത. കെ. വി. | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി. ജീവ. എം. വി. | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | പുതുക്കിയ ബജറ്റ് | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 4 | വാർഷിക ധനകാര്യ പത്രിക -അപാകങ്ങൾ | 1-2-1 |
| 5 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 6 | ഫണ്ട് വിനിയോഗം | 1-4 |
| 7 | പദ്ധതി അവലോകനം. | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 9 | ക്ഷേമ പദ്ധതികൾ | 1-7 |
| 10 | ക്യാഷ് പരിശോധന | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 12 | ഗ്രാമ സഭ | 1-10 |
| 13 | വിമുക്ത ഭടൻമാരുടെ വാസഗൃഹത്തിന് വസ്തുനികുതി ഇളവ് നൽകിയതിലെ അപാകതകൾ | 1-11 |
| 14 | തൊഴിൽ നികുതി - അപാകങ്ങൾ | 1-12 |
| 15 | കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി | 1-13 |
| 16 | കെട്ടിടങ്ങളുടെ യഥാർത്ഥ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ചിട്ടില്ല | 1-14 |
| 17 | എഫ്.ടി.ഇ & ഒ എസ് ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ | 1-15 |
| 18 | സർക്കാർ നിർദ്ദേശം പാലിക്കാതെ ആർജിതാവധി സറണ്ടർ അനുവദിച്ചു | 1-16 |
| 19 | ബഡ്സ് സ്കൂൾ ടീച്ചർക്ക് ഓണറേറിയം മുൻകൂറായി അനുവദിച്ചു | 1-17 |
| 20 | ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-18 |
| 21 | പഞ്ചായത്ത് ഓഫീസ് ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ -കമ്പ്യൂട്ടർ വാങ്ങുന്നതിന് അധികം അനുവദിച്ച ₹4592 തിരികെ ഈടാക്കിയിട്ടില്ല | 1-19 |
| 22 | പോത്ത് കുട്ടികളെ വിതരണം ചെയ്യൽ പ്രൊജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ -₹17000 ചെലവ് അംഗീകരിക്കുന്നില്ല,₹138020 ചെലവ് തടസ്സപ്പെടുത്തുന്നു. | 1-20 |
| 23 | കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-21 |
| 24 | വയോജനങ്ങൾക്ക് കട്ടിൽ- സമാഹരണരീതി തൃപ്തികരമല്ല | 1-22 |
| 25 | വയോജനങ്ങൾക്ക് കട്ടിൽ - വിതരണം ചെയതതിന്റെ രേഖകൾ | 1-23 |

| | | |
|---|---|---|
| | ലഭ്യമാക്കിയില്ല ₹285000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | |
| 26 | പെൻഷൻ അനുവദിച്ചതിലെ അപാകതകൾ | 1-24 |
| 27 | വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ (എസ്.സി)- അപാകതകൾ | 1-25 |
| 28 | ലൈഫ് പദ്ധതി -ഭവന നിർമാണം പൂർത്തീകരിച്ചിട്ടില്ല | 1-26 |
| 29 | വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ -₹219109 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-27 |
| 30 | ഡെപ്പോസിറ്റ് വർക്കുകൾക്ക് മുൻകൂർ നൽകിയ തുക ക്രമീകരിച്ചിട്ടില്ല | 1-28 |
| 31 | അങ്കണവാടികൾക്ക് ഏകീകൃത നെയിംബോർഡ് സ്ഥാപിക്കൽ- മതിയായ രേഖകളുടെ അഭാവത്തിൽ ₹84,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-29 |
| 32 | മരുന്ന് ലഭ്യമായിട്ടില്ല | 1-30 |
| 33 | രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ | 1-31 |
| 34 | ടി ആർ 7-എ ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല. | 1-32 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | പോത്ത് കുട്ടികളെ വിതരണം ചെയ്യൽ പ്രൊജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ -₹17000 ചെലവ് അംഗീകരിക്കുന്നില്ല,₹138020 ചെലവ് തടസ്സപ്പെടുത്തുന്നു. | 3-1 |
| | ഭാഗം **4** | |
| 1 | ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

| | |
|---|---|
| 3 | RECEIPT & PAYMENT STATEMENT |
| 4 | INCOME & EXPENDITURE STATEMENT |
| 5 | BALANCE SHEET |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

പിണറായി ഗ്രാമ പഞ്ചായത്തിന്റെ 2021-22 ലെ ബജറ്റ് 16-2-2021 ലെ 1/86/2021 -ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 9238095.75 |
| വരവ് | 354731400 |
| ആകെ | 363969495.75 |
| ചെലവ് | 355898575 |
| നീക്കിയിരിപ്പ് | 8070920.75 |

### 1-1-1 പുതുക്കിയ ബജറ്റ്

പിണറായി ഗ്രാമ പഞ്ചായത്തിന്റെ 2021-22 ലെ പുതുക്കിയ ബജറ്റ് 19-3-2022 ലെ 1/114/2022(1) -ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 16433569.75 |
| വരവ് | 407493449 |
| ആകെ | 423927018.75 |
| ചെലവ് | 420525675 |
| നീക്കിയിരിപ്പ് | 3401343.75 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31-7-2022 | 13-5-2022 | തിരിച്ചയച്ചിട്ടില്ല |

### 1-2-1 വാർഷിക ധനകാര്യ പത്രിക -അപാകങ്ങൾ

2021-22 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. വാർഷിക കണക്ക് ഷെഡ്യൂൾ RP-5 പ്രകാരം Sale Of Tender Forms ഇനത്തിൽ ₹18780 വരവുണ്ട്. Tender Forms രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
2. B-9 ഷെഡ്യൂളിൽ അദർ ലയബിലിറ്റി എന്ന ഹെഡിൽ ചേർത്ത ₹117953 ഏതിനത്തിലുള്ളതാണെന്ന് വ്യക്തമല്ല.
3. B-9 ഷെഡ്യൂളിൽ Stale ചെക്കിനത്തിൽ ബാധ്യതയായി കാണിച്ച ₹2000 യുടെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല.
4. 2021-22 വർഷത്തിൽ പാർട്ട്ബിൽ നൽകി പൂർത്തീകരിക്കാൻ ബാക്കിയുള്ള പ്രോജക്ട് ചെലവുകളുടെ വിവരം വാർഷിക ധനകാര്യ പത്രിക ബാലൻസ്ഷീറ്റിലെ B-11(a) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്
5. B-4 ഷെഡ്യൂളിൽ ഗുണഭോക്തൃവിഹിതമിനത്തിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയ ₹238296 യുടെയും ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി രേഖപ്പെടുത്തിയ ₹319175 യുടെയും ജില്ല പഞ്ചായത്ത് വിഹിതമായി രേഖപ്പെടുത്തിയ ₹235850 യുടെയും വിശദാംശങ്ങൾ ലഭ്യമല്ല.
6. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62 എഫ് പ്രകാരം വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല
7. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 62(4) പ്രകാരം ധനകാര്യ പത്രികകളിലെ തുകകൾ പൂർണ്ണരൂപയിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ റസീപ്റ്റ് ആന്റ് പേയ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവയിലെ തുകകൾ ഇപ്രകാരം പൂർണ്ണരൂപയിൽ എഴുതിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| വർഷം | 2021-22 |
|---|---|
| മുന്നിരിപ്പ് | 26435709.95 |

| | |
|---|---|
| വരവ് | 98403593 |
| ആകെ | 124839302.95 |
| ചെലവ് | 86700464 |
| നീക്കിയിരിപ്പ് | 38138838.95 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളുടെ നഷ്ടം | 17000 |
| തടസ്സപ്പെടുത്തിയ തുക | 726129 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് ലഭിച്ചത് | ആകെ | ചെലവ് | ലാപ്പ്/ നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 21068330 | 21068330 | 20232000 | 836330 |
| വികസന ഫണ്ട് എസ്.സി.പി | 0 | 1260298 | 1260298 | 1165000 | 95298 |
| മെയിന്റനൻസ് റോഡ് | 0 | 15101056 | 15101056 | 8376536 | 6724520 |
| മെയിന്റനൻസ് നോൺ റോഡ് | 0 | 7319993 | 7319993 | 4857988 | 2462005 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 9790953 | 9790953 | 4078744 | 5712209 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 4758896+88063(പലിശ) | 4846959 | 4151356 | 607540+88063(പലിശ) |
| എം.പി ഫണ്ട് | 9289 | 0 | 9289 | 0 | 9289 |
| അംഗൻവാടി പോഷകാഹാരം | 177891 | 1469213 | 1647104 | 1066617 | 580487 |
| എം ജി എൻ ആർ ഇ ജി എസ് | 2703 | 32468330 | 32471033 | 32469127 | 1906 |
| TSC Fund | 285315 | 30179 | 315494 | 0 | 315494 |
| ആർ എസ് ബി വൈ | 23606 | 0 | 23606 | 0 | 23606 |
| സാക്ഷരത | 12033 | 425 | 12458 | 0 | 12458 |
| ബി ആർ സി ഫണ്ട് | 20000 | 0 | 20000 | 0 | 20000 |
| അംഗൻവാടി നെയിംബോർഡ് | 84000 | 0 | 84000 | 84000 | 0 |
| ശുചിത്വ മിഷൻ ഫണ്ട് | 3054041 | 250000 | 3304041 | 2117250 | 1186791 |

| | | | | | |
|---|---|---|---|---|---|
| ഇ എം എസ് ഭവനപദ്ധതി | 255000 | 0 | 255000 | 0 | 255000 |
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ | 2407284 | 0 | 2407284 | 2407284 | 0 |
| മറ്റ് സർക്കാർ ഏജൻസീസ് | 884905 | 1154903 | 2039808 | 778011 | 1261797 |
| കേരളോത്സവം | 20000 | 0 | 20000 | 0 | 20000 |

ഗ്രാൻറ് സ്റ്റേറ്റ്മെൻറ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 204 | 166605385 | 150 | 58214944 | 46 | 54 | 50.98 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്ടുകളുടെ എണ്ണം | | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|---|
| | | ഏറ്റെടുത്തത് | നടപ്പിലാക്കിയത് | | | |
| 1 | സെക്രട്ടറി | 40 | 24 | 81603226 | 11488744 | 14.08 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 13 | 10 | 2196813 | 1296761 | 59.03 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 74 | 54 | 38326278 | 16195034 | 42.26 |
| 4 | കൃഷി ഓഫീസർ | 13 | 12 | 4477685 | 3076484 | 68.71 |
| 5 | വി.ഇ.ഒ. പിണറായി | 14 | 11 | 12742400 | 6234319 | 48.93 |
| 6 | വി.ഇ.ഒ. എരുവട്ടി | 15 | 12 | 9052200 | 6060799 | 66.95 |
| 7 | മെഡിക്കൽ ഓഫീസർ CHC | 4 | 4 | 2295553 | 2200861 | 95.87 |
| 8 | മെഡിക്കൽ ഓഫീസർ GAD | 1 | 1 | 1300000 | 1300000 | 100 |
| 9 | വെറ്റിനറി സർജൻ | 6 | 4 | 1651600 | 701620 | 42.48 |
| 10 | ICDS സൂപ്പർവൈസർ | 13 | 9 | 9711493 | 7690458 | 79.19 |

| | | | | | | |
|---|---|---|---|---|---|---|
| 11 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 3 | 3 | 2414986 | 1702500 | 70.5 |
| 12 | സബ് ഇൻസ്പെക്ടർ ഫിഷറീസ് | 4 | 4 | 533151 | 267363 | 50.15 |
| 13 | ഹെഡ് മാസ്റ്റർ | 4 | 0 | 300000 | ഇല്ല | 0 |
| | ആകെ | 204 | 150 | 166605385 | 58214944 | 34.94 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2703 | 369255 | 371958 | 370052 | 1906 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 32099075 | 32099075 | 32099075 | - |
| ആകെ | 2703 | 32468330 | 32471033 | 32469127 | 1906 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക ₹ |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 462 | 7686600 |
| വിധവാ പെൻഷൻ | 1235 | 18771200 |
| വാർദ്ധക്യകാല പെൻഷൻ | 3314 | 45573600 |
| വികലാംഗ പെൻഷൻ | 385 | 5918500 |
| അവിവാഹിത പെൻഷൻ | 377 | 5769200 |
| വിവാഹ ധനസഹായം | 32 | 960000 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) -ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 6-1-2023 ന് 3.38 Pm സമയത്ത് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹29,048 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഒരു സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം ആ സ്ഥാപനത്തിന്റെ പൊതുവായ പ്രവർത്തനങ്ങളുടെയും അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെയും കാഷിന്റെയും ബാങ്കിന്റേയും ഇടപാടുകളുടെ നിയന്ത്രണവും വരുമാനം വർദ്ധിപ്പിക്കാനായി നടപടി സ്വീകരിക്കുന്നതോടൊപ്പം പിരിച്ചെടുക്കാനുള്ള നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിലുള്ള കാര്യക്ഷമതയും മുഴുവൻ ചെലവുകളുടെയും ആധികാരിത ഉറപ്പുവരുത്തുന്നതുമായ സമ്പ്രദായമാണ്. ഓഡിറ്റ് വർഷത്തെ രേഖകൾ പരിശോധിച്ചതിൽ നിന്നും ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണെന്ന് ബോധ്യപ്പെടുകയുണ്ടായി. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകൾ വഴി ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചുമതലാ ക്രമീകരണങ്ങൾ വരുത്തുകയും ചെയ്യുന്നുണ്ട്. ഓഡിറ്റ് വർഷം എല്ലാ മാസങ്ങളിലും സ്റ്റാഫ് മീറ്റിംഗുകൾ ചേരുകയും സുഗമമായ ഓഫീസ് പ്രവത്തനത്തിനുതകുന്നിനുള്ള തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്.

## 1-10 ഗ്രാമ സഭ

കോവിഡ് രോഗ വ്യാപനമുള്ളതിനാൽ ഗ്രാമ പഞ്ചായത്തിലെ പത്തൊൻപത് വാർഡുകളിലും തൻവർഷം 12/2021, 1/2022 എന്നീ മാസങ്ങളിൽ രണ്ട് തവണയാണ് ഗ്രാമസഭായോഗം ചേർന്നിട്ടുള്ളത്.

## 1-11 വിമുക്ത ഭടൻമാരുടെ വാസഗൃഹത്തിന് വസ്തുനികുതി ഇളവ് നൽകിയതിലെ അപാകതകൾ

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26-05-2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമ പഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണെന്നും ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. സ.ഉ.(സാധ)1014/2021/തസ്വഭവ തീയതി 19.05.2021 ഉത്തരവ് പ്രകാരം 2021-22 വർഷത്തെ നികുതി ഇളവിനായുള്ള സാക്ഷ്യപത്രം ഹാജരാക്കേണ്ട തീയതി 30-6-2021 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ പരിശോധിച്ചതിൽ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി തീരുമാനപ്രകാരം ഒഴിവാക്കിയ കെട്ടിടങ്ങളിൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളെ 2021-22 വർഷം വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | വാർഡ് നമ്പർ/ കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് |
|---|---|---|
| 1 | 2/444 | പ്രസന്ന കാരായി |
| 2 | 3/65 | റോയ് |
| 3 | 3/176 | സുനില. കെ |
| 4 | 3/350 | പ്രേമലക്ഷ്മി |
| 5 | 3/382 | ലതിക |
| 6 | 3/383 | ലളിത കുമാരി |
| 7 | 4/52 | വി. കെ നളിനി |
| 8 | 4/450 | ബാലകൃഷ്ണൻ |
| 9 | 5/13 A | മാറോളി ശ്രീജ |
| 10 | 5/94 | മാലതി |
| 11 | 6/568 | കെ. കെ. കമലാദേവി |
| 12 | 7/129 | രോഹിണി |
| 13 | 7/527 | വി. സരോജിനി അമ്മ |
| 14 | 8/252 | വനജാക്ഷി |
| 15 | 8/454 | ദിനേശൻ |
| 16 | 8/475 | നിർമല |
| 17 | 9/61 | കാർത്യായനി |

| | | |
|---|---|---|
| 18 | 9/690 A | രാജീവൻ |
| 19 | 9/700 | സുലോചന |
| 20 | 9/235 | ചാത്തുക്കുട്ടി |

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം ഇല്ലാതെ നികുതി ഇളവ് അനുവദിച്ച മേൽ കെട്ടിടങ്ങൾക്ക് നികുതി ഇളവ് ലഭിക്കുന്നതിനായി സമയ പരിധികളളിൽ സാക്ഷ്യപത്രം/സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ടോയെന്ന വിവരം ലഭ്യമാകുന്നതിന് 19/13-1-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ക്രമ നമ്പർ 2 ഉം 18 ഉം ഒഴികെയുള്ളവർ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത വ്യക്തികളുടെ കെട്ടിടങ്ങൾ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി തീരുമാനപ്രകാരം ഒഴിവാക്കിയ കെട്ടിടങ്ങളിൽ ഉൾപ്പെടാത്തതാണ്. ക്രമ നമ്പർ 2, 18 പ്രകാരമുളളവരുടെ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇളവ് അനുവദിച്ചത് റിവോക്ക് ചെയ്യുന്നതിനും കുടിശ്ശിക പിരിച്ചെടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ആയതിന്റെ തുടർ നടപടികൾ അറിയിക്കേണ്ടതാണ്. വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവരിൽ നിന്നും ഓരോ വർഷവും ജൂൺ 30 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം വാങ്ങി സൂക്ഷിക്കേണ്ടതാണ്. അപാകങ്ങൾ പരിഹരിക്കേണ്ടതും സാക്ഷ്യപത്രം/സത്യവാങ്മൂലം സമർപ്പിക്കാത്തവർക്കും ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി തീരുമാനപ്രകാരം ഒഴിവാക്കിയ കെട്ടിടങ്ങളിൽ ഉൾപ്പെടാത്തവർക്കും ഇളവ് നൽകുന്നത് ഒഴിവാക്കേണ്ടതുമാണ്.

## 1-12 തൊഴിൽ നികുതി - അപാകങ്ങൾ

പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെടുകയും 1996 ലെ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3 അനുശാസിക്കുന്ന വേതനം കൈപ്പറ്റുകയും ചെയ്യുന്ന എല്ലാവരും നികുതി ഒടുക്കാൻ ബാധ്യസ്ഥരാണ്. എന്നാൽ ഓഡിറ്റിനു ലഭ്യമാക്കിയ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം സർക്കാർ ജീവനക്കാരെയും നാമമാത്രമായ സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരെയും മാത്രമെ തൊഴിൽനികുതി പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളു. 700-ൽ അധികം വാണിജ്യ/വ്യവസായ സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് എഫ് ടി ഇ & ഒ എസ് ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും സർക്കാർ സ്ഥാപനങ്ങളിലെ ഉൾപ്പെടെ ആകെ നൂറോളം സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും മാത്രമെ തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം നോട്ടീസ് നൽകി നികുതി ഈടാക്കുന്നുള്ളൂ. 2021-22 കാലയളവിൽ എഫ് ടി ഇ & ഒ എസ് ലൈസൻസ് എടുത്ത മുപ്പതോളം വ്യാപാരസ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ ലഭ്യമാകേണ്ട തുക മുഴുവനായും ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 205 (സി) പ്രകാരം തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ ജോലി ചെയ്യുന്നവരുടെ പേര് അടങ്ങിയ ലിഖിതമായ ഒരു ലിസ്റ്റും അങ്ങനെയുള്ളവരുടെ ശമ്പളത്തെയോ വരുമാനത്തെയോ സംബന്ധിച്ച ലിസ്റ്റും സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകി വിവരങ്ങൾ ശേഖരിക്കേണ്ടതും വരുമാനം കണക്കാക്കി നിയമാനുസൃതമായ ഇളവുകളില്ലാത്ത എല്ലാ വിഭാഗം ജീവനക്കാരിൽ നിന്നും നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-13 കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി

എഫ്.ടി.ഇ & ഒ എസ് ലൈസൻസെടുത്ത താഴെ പറയുന്ന വ്യാപാരസ്ഥാപനങ്ങളുടെ ഉപയോഗക്രമം സഞ്ചയ സോഫ്റ്റ്‌വെയറിൽ തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | വാർഡ്/നമ്പർ കെട്ടിട നമ്പർ | ലൈസൻസിയുടെ പേര് | വ്യാപാരം | ഉപയോഗക്രമം |
|---|---|---|---|---|
| 1 | 19/178 | രവീന്ദ്രൻ പുലപ്പാടി | ഗ്രിൽസ് നിർമാണം | കൈത്തറി ഷെഡ്/കയർപിരി ഷെഡ് |
| 2 | 9/442 | കുമാരൻ. എം | സ്റ്റേഷനറി | പാർപ്പിടം |
| 3 | 9/157 | നാസ്റ്റീൻ മുഹമ്മദ് സക്കീർ | സ്റ്റേഷനറി | ഇതരവ്യവസായം |
| 4 | 6/463 A | നാരായണൻ. പി | ഓട്ടോമൊബൈൽസ് | ഇതരവ്യവസായം |
| 5 | 9/1 | സുരേഷ് കുമാർ. സി | ഗാർമെന്റ്സ് യൂണിറ്റ് | ഓഫീസ് |

| | | | | |
|---|---|---|---|---|
| | | | | ആവശ്യത്തിനുള്ളവ |
| 6 | 9/51, 52 | മുഹമ്മദ്. കെ. എ | ഹോട്ടൽ | ഓഫീസ് ആവശ്യത്തിനുള്ളവ |
| 7 | 13/414 | കെ. സിദ്ദീഖ് | ഫാത്തിമ സ്റ്റോർ | ഓഫീസ് ആവശ്യത്തിനുള്ളവ |
| 8 | 9/126 | ടി. ഗംഗാധരൻ | കുമ്മായം നിർമാണം | കൈത്തറി ഷെഡ്/കയർപിരി ഷെഡ് |

മേൽ അപാകം സംബന്ധിച്ച് 6/12-01-2023 പ്രകാരം നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം ഒക്യുപ്പൻസി തെറ്റായി രേഖപ്പെടുത്തിയ മുഴുവൻ കെട്ടിടങ്ങളെ കണ്ടെത്തി കെട്ടിടത്തിന്റെ ഒക്യുപ്പൻസി മാറ്റം വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും ഇത് മൂലമുണ്ടായ നികുതി നഷ്ടം കുടിശ്ശിക ഉൾപ്പെടെ ഈടാക്കുന്നതിലുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-14 കെട്ടിടങ്ങളുടെ യഥാർത്ഥ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ചിട്ടില്ല

എഫ്. ടി. ഇ & ഒ എസ് ലൈസൻസെടുത്ത താഴെ പറയുന്ന വ്യാപാര സ്ഥാപനങ്ങളുടെ ഉപയോഗക്രമം സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിട്ടില്ല.

2021-22 വർഷത്തെ എഫ്. ടി. ഇ & ഒ എസ് ലൈസൻസ് രജിസ്റ്റർ പ്രകാരം 16/423, 424 നമ്പർ കെട്ടിടത്തിൽ ഹോട്ടൽ നടത്തുന്നതിനായി ശ്രീമതി. റസിയ. എ എന്നവർക്കും 6/146 നമ്പർ കെട്ടിടത്തിൽ ഭക്ഷണ സാധനങ്ങൾ നിർമാണം, വില്പന നടത്തുന്നതിനായി ശ്രീ. രതീഷ്. വി എന്നവർക്കും ലൈസൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത കെട്ടിടങ്ങളെ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. മേല്പറഞ്ഞ കെട്ടിടങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കിയതിന്റ കാരണം അറിയിക്കുന്നതിന് 06/12-01-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേല്പറഞ്ഞ കെട്ടിടങ്ങളുടെ ഒക്യുപ്പൻസി മാറ്റം വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഒക്യുപ്പെൻസി തെറ്റായി രേഖപ്പെടുത്തിയ കെട്ടിടങ്ങളെ കണ്ടെത്തി ഇത് മൂലമുണ്ടായ നികുതി നഷ്ടം കുടിശ്ശിക ഉൾപ്പെടെ ഈടാക്കുന്നതിലുള്ള നടപടി സ്വീകരിക്കേണ്ടതാണ്. കെട്ടിടത്തിന്റെ യഥാർത്ഥ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കേണ്ടതുമാണ്.

## 1-15 എഫ്.ടി.ഇ & ഒ എസ് ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ

31-10-2017 ന് പ്രാബല്യത്തിൽ വന്ന സ ഉ (പി) നം 80/2017, കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷകളിന്മേൽ ഫീൽഡ് പരിശോധന നടത്തി മൂലധന നിക്ഷേപം കണക്കാക്കി അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ എഫ്.ടി.ഇ & ഒ എസ് ലൈസൻസ് എടുക്കുന്നതിനായി സമർപ്പിക്കപ്പെട്ട ഭൂരിഭാഗം അപേക്ഷകളിലും അന്വേഷണ റിപ്പോർട്ടിൽ മൂലധന നിക്ഷേപം രേഖപ്പെടുത്താതെ ലൈസൻസ് ഫീസ് ഈടാക്കുകയാണ് ചെയ്തത്. അന്വേഷണ റിപ്പോർട്ടിൽ മൂലധന നിക്ഷേപം രേഖപ്പെടുത്താതെ ലൈസൻസ് ഫീസ് നിശ്ചയിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല. ഇത് സംബന്ധിച്ച് 5/12-01-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഫീൽഡ് തല അന്വേഷണം നടത്തി സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപം കണക്കാക്കി അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തേണ്ടതും ആയതിന് അനുസൃതമായ ലൈസൻസ് ഫീസാണ് സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-16 സർക്കാർ നിർദ്ദേശം പാലിക്കാതെ ആർജിതാവധി സറണ്ടർ അനുവദിച്ചു

സർക്കാർ ജീവനക്കാരുടെ 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതു സംബന്ധിച്ച് 05.11.2020 ലെ ജി.ഒ (പി)നം 152/2020/ധന പ്രകാരം സർക്കാർ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഇപ്രകാരം ഏർപ്പെടുത്തിയ നിയന്ത്രണങ്ങളിൽ പുതുക്കിയ നിർദ്ദേശങ്ങൾ വരുന്നതിനു മുൻപ് ലാസ്റ്റ് ഗ്രേഡ്, പാർട്ട് ടൈം കണ്ടിജന്റ് തസ്തികയിൽ അല്ലാത്ത മറ്റ് 11 ജീവനക്കാർക്കും 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ ആയി ആകെ ₹524084 (വൗച്ചർ നമ്പർ 22100155/1-6-2021, 22100175/8-6-2021) അനുവദിച്ചിട്ടുണ്ട്. 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ട്രഷറി വകുപ്പ് ഡയറക്ടറുടെ 31-05-2021 ലെ TRY/1850/2021-E1 നമ്പർ കത്ത്

പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. ഇതു പ്രകാരം ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ പുതുക്കിയ നിർദ്ദേശങ്ങൾ ലഭിച്ചതിനുശേഷം മാത്രമേ സംസ്ഥാന സർക്കാർ ജീവനക്കാരുടെ സറണ്ടർ ബില്ലുകൾ പരിഗണിക്കേണ്ടതുള്ളൂ എന്ന നിർദ്ദേശം ഉണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിച്ചിട്ടില്ല. പുതുക്കിയ നിർദ്ദേശങ്ങൾ വരുന്നതിനു മുൻപേ തന്നെ പിണറായി ഗ്രാമപഞ്ചായത്തിൽ ജീവനക്കാർ ആർജ്ജിതാവധി പണമായി മാറ്റിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ജീവനക്കാരുടെ പേര് | തസ്തിക | തുക | തുക<br>വൗച്ചർ നമ്പർ/തീയ്യതി |
|---|---|---|---|---|
| 1 | ഷബിൻ. എം | അക്കൗണ്ടന്റ് | 53058 | ₹451712<br>22100155/01-06-2021 |
| 2 | നിസി. എം | ഹെഡ് ക്ലർക്ക് | 55722 | |
| 3 | അനുസൂജ. ടി | സീനിയർ ക്ലർക്ക് | 50616 | |
| 4 | ഷമീൻ. ടി. കെ | സീനിയർ ക്ലർക്ക് | 49395 | |
| 5 | ഷൈനിത്ത് എം. ടി. കെ | സീനിയർ ക്ലർക്ക് | 42513 | |
| 6 | കല. ബി | അസിസ്റ്റന്റ് സെക്രട്ടറി | 59829 | |
| 7 | വിജേഷ്. കെ. പി | ക്ലർക്ക് | 44733 | |
| 8 | വീണ. പി | ക്ലർക്ക് | 33633 | |
| 9 | ഷൈജ പൊന്തയിൽ | ക്ലർക്ക് | 31909 | |
| 10 | നീതു. കെ | ക്ലർക്ക് | 30304 | |
| 11 | ഷിബുകരുൺ | സെക്രട്ടറി | 72372 | ₹72372<br>22100175/08-06-2021 |

26-07-2021 ലെ ജി. ഒ (പി)നം 104/2021/ധന പ്രകാരം സർക്കാർ കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ സർക്കാർ ജീവനക്കാരുടെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ 01-06-2021 മുതൽ 6 മാസത്തേക്കുകൂടിയും പിന്നീട് വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം 31-12-2022 തീയതി വരെയും ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നും തുടർ നിർദ്ദേശങ്ങൾ ലഭിക്കുന്നതിനു മുൻപുതന്നെ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് ആർജിതാവധി സറണ്ടർ അനുവദിച്ചത് സംബന്ധിച്ച് 2/10-1-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ സർക്കാർ ഉത്തരവ് ലഭിക്കുന്നതിന് മുമ്പാണ് സറണ്ടർ ആനുകൂല്യം അനുവദിച്ചതെന്ന് അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാറിന്റെ തുടർ നിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-17 ബഡ്സ് സ്കൂൾ ടീച്ചർക്ക് ഓണറേറിയം മുൻകൂറായി അനുവദിച്ചു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് നമ്പർ / പേര് | 45/22<br>ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ<br>ദൈനം ദിന പ്രവർത്തനങ്ങൾ |
| അടങ്കൽ | ₹500000 വികസന ഫണ്ട് - പൊതു വിഭാഗം<br>₹200000 തനത് ഫണ്ട്<br>ആകെ : ₹700000 |
| ചെലവ് | ₹500000 വികസന ഫണ്ട് - പൊതു വിഭാഗം<br>₹32298 തനത് ഫണ്ട്<br>ആകെ : ₹532298 |

മേൽ പ്രൊജക്ടിന്റെ ഭാഗമായി ബഡ്സ് സ്കൂൾ ടീച്ചറായ ശ്രീമതി. വത്സല. കെ. പി. എന്നവർക്ക് 2022 മാർച്ച് മാസത്തെ ഓണറേറിയമായ ₹23095 ബിൽ നമ്പർ 357/2021-22 പ്രകാരം 24-3-2022 തീയതിയിൽ അനുവദിച്ചിട്ടുണ്ട്. മാർച്ച് 31 വരെയുള്ള ഓണറേറിയം മുൻകൂറായി അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കുന്നതിന് 22/13-1-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സാമ്പത്തിക വർഷാവസാനം ട്രഷറി ബില്ലുകൾ താമസം കൂടാതെ

സമർപ്പിക്കേണ്ടതിനാലാണ് മുൻകൂർ തുക അനുവദിച്ചിട്ടുള്ളതെന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയത്. സർക്കാരിന്റെ പ്രത്യേക നിർദ്ദേശമില്ലാതെ ഇപ്രകാരം ഓണറേറിയം മുൻകൂറായി അനുവദിച്ചത് ഉചിതമായ നടപടിയല്ല. ഇത്തരം അപാകങ്ങൾ ആവർത്തികാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ / പേര് | 25/22 ഐ കെ എം വിഹിതം നൽകൽ |
| അടങ്കൽ | ₹70000 വികസന ഫണ്ട് - ജനറൽ |
| ചെലവ് | ₹70000 ബിൽ നമ്പർ : 55/13-9-2021 |

ഐ കെ എം വിഹിതം നൽകൽ എന്ന മേൽ പ്രൊജക്ട് പ്രകാരം ₹70000 ഐ കെ എം എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് 24/16-1-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-19 പഞ്ചായത്ത് ഓഫീസ് ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ -കമ്പ്യൂട്ടർ വാങ്ങുന്നതിന് അധികം അനുവദിച്ച ₹4592 തിരികെ ഈടാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ / പേര് | 146/22<br>പഞ്ചായത്ത് ഓഫീസ് ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ |
| അടങ്കൽ | ₹ 150000 തനത് ഫണ്ട് |
| ചെലവ് | ₹ 119391 വൗച്ചർ നമ്പർ : 22100154/1-6-2021 |

പഞ്ചായത്ത് ഓഫീസിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മൂന്ന് കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് കെൽട്രോൺ സമർപ്പിച്ച പ്രഫോർമ ഇൻവോയിസിന്റെ (Invoice No TVM/ITGB/PI/RC/25485/20-21 Dt 22-3-21) അടിസ്ഥാനത്തിൽ ഒരു കമ്പ്യൂട്ടറിന് ₹39797 നിരക്കിൽ ആകെ ₹119391 കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡവലപ്പ്മെന്റ് കോർപ്പറേഷന് അനുവദിച്ചിട്ടുണ്ട്. HP Tax Invoice No. TN1229316900/27-1-2022 പ്രകാരം മൂന്ന് കമ്പ്യൂട്ടറുകൾ ലഭ്യമാവുകയും ചെയ്തിട്ടുണ്ട്. ബിൽ പ്രകാരം മൂന്ന് ഡെസ്ക് ടോപ്പിന് ടാക്സ് ഉൾപ്പെടെ ₹114799 യാണ് വിലയുള്ളത്. അധികം അനുവദിച്ച ₹4592 (119391-114799) തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 പോത്ത് കുട്ടികളെ വിതരണം ചെയ്യൽ പ്രൊജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ -₹17000 ചെലവ് അംഗീകരിക്കുന്നില്ല,₹138020 ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ട് നമ്പർ/പേര് | 20/22<br>മാംസോല്പാദനത്തിന് പോത്ത് കുട്ടികളെ വിതരണം ചെയ്യൽ |
| അടങ്കൽ | ₹160000 വികസന ഫണ്ട് - പൊതു വിഭാഗം<br>₹160000 ഗുണഭോക്തൃവിഹിതം<br>ആകെ : ₹320000 |
| ചെലവ് | ₹24000 ബിൽ നമ്പർ : 128/9-12-22<br>₹48000 ബിൽ നമ്പർ : 129/9-12-21<br>₹24000 ബിൽ നമ്പർ : 144/28-12-21<br>₹16000 ബിൽ നമ്പർ : 206/9-2-22<br>₹16000 ബിൽ നമ്പർ : 251/26-2-22<br>₹24000 ബിൽ നമ്പർ : 330/16-3-22<br>₹3020 ബിൽ നമ്പർ : 399/28-3-22 |

| | |
|---|---|
| | ആകെ : ₹155020 |

മേൽ പ്രൊജക്ട് പ്രകാരം പോത്തുകുട്ടികളെ വാങ്ങുനതിന് ഒരു പോത്തുകുട്ടിക്ക് ₹8000 നിരക്കിൽ 19 ഗുണഭോക്താക്കൾക്കായി ₹152000 യും ഒരു ഗുണഭോക്താവിന് ₹3020 യും സബ്സിഡി അനുവദിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. സ.ഉ(കൈ)നം.22/18/LSGD, തീയ്യതി 14-02-18 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.2(4) പ്രകാരം പൊതു വിഭാഗത്തിൽ പെട്ട ഗുണഭോക്താക്കൾക്ക് പോത്തുകുട്ടികളുടെ വിലയുടെ 50% തുകയാണ് സബ്സിഡിയിയായി അനുവദിക്കാവുന്നത്. അപ്രകാരം ₹8000 വരെ പരമാവധി അനുവദിക്കാവുന്നതാണ്. എന്നാൽ ജില്ലാതലത്തിൽ യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ വൗച്ചറുകൾ പരിശോധിച്ചതിൽ പരമാവധി തുകയായ ₹8000 സബ്സിഡി അനുവദിച്ചിട്ടുണ്ട്. എന്നാൽ അവയുടെ യഥാർത്ഥ വില എത്രയാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. 1-9-2021ലെ കണ്ണൂർ ജില്ലാ കലക്ടറുടെ 392/2020/ഡിപിസി/ഡി പി ഒ/കെ എൻ ആർ ഉത്തരവ് പ്രകാരം ₹15000 യാണ് പോത്തുകുട്ടിയുടെ യൂണിറ്റ് കോസ്റ്റായി നിശ്ചയിച്ചിട്ടുള്ളത്.

2. മേൽ സർക്കാർ ഉത്തരവ് പ്രകാരം പ്രോജക്ടിന്റെ ഭാഗമായി വാങ്ങുന്ന ഉരുക്കളുടെ ഗുണമേന്മ നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്. ആയതിന്റെ രേഖകൾ, വാങ്ങൽ സംബന്ധിച്ച പർച്ചേസിംഗ് കമ്മിറ്റി തീരുമാനം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. ശ്രീമതി. ഉജിഷ. ഇ, കെട്ടിട നം 3/239, നളി ഹൗസ്, ചേരിക്കൽ, എന്ന ഗുണഭോക്താവ് ശ്രീ. വിജീഷ്. പി യുടെ പക്കൽ നിന്നും പോത്തുകുട്ടിയെ വാങ്ങുകയും അതോടൊപ്പം ശ്രീമതി. ഉജിഷ. ഇ മറ്റൊരു ഗുണഭോക്താവായ ശ്രീമതി. നളിനിക്ക്. കെട്ടിട നം 3/240 പോത്തുകുട്ടിയെ വിൽക്കുകയും ചെയ്തിട്ടുണ്ട്. ഫയലിൽ സൂക്ഷിച്ചിട്ടുള്ള രേഖകളിൽ ഗുണഭോക്താക്കൾ രണ്ടുപേരും അടുത്തടുത്ത വീടുകളിലെ താമസക്കാരാണെന്ന് വ്യക്തമാണ്.

4. പ്രൊജക്ടിലുൾപ്പെട്ട ഭൂരിഭാഗം ഗുണഭോക്താക്കളും പഞ്ചായത്തിനുള്ളിലെ ഒരേ പ്രദേശത്തുനിന്നാണ് ഉരുക്കളെ കൈമാറ്റം ചെയ്തിട്ടുള്ളത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉരുക്കളെ വാങ്ങിയവർ | ഉരുക്കളെ വിറ്റവർ |
|---|---|---|
| 1 | പ്രകാശൻ സി,പാറപ്രം | ധനീഷ് വി,പാറപ്രം |
| 2 | സുരേഷ് .പി,പിണറായി | പ്രകാശൻ പി,പിണറായി |
| 3 | സന്ദീപൻ വി,പടന്നക്കര | രമേശൻ ടി എം,പടന്നക്കര |
| 4 | രതി പി വി,എരുവട്ടി | വി കെ വത്സൻ,എരുവട്ടി |
| 5 | മേക്കിലേരി നാരായണി,പാനുണ്ട | ലീജ.എം പി,പാനുണ്ട |
| 6 | ദിവേഷ്,കെ പി,വെണ്ടുട്ടായി | പ്രജിത്ത് സി,വെണ്ടുട്ടായി |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഉരുക്കളെ ഇൻഷ്വർ ചെയ്തതിന്റെ രേഖകളിൽ ₹16000 എന്ന് രേഖപ്പെടുത്തിയതിനാലാണ് യഥാർത്ഥ വില രശീതിയിൽ രേഖപ്പെടുത്താതിരുന്നതെന്നും ശ്രീമതി. ഉജിഷ. ഇ, നളി ഹൗസ്, ചേരിക്കൽ എന്ന ഗുണഭോക്താവിന്റെ കൈവശമുള്ള പോത്തുകുട്ടിയുടെ ടാഗ് നമ്പറും ശ്രീമതി. നളിനിയുടെ കൈവശമുള്ള പോത്തുകുട്ടിയുടെ ടാഗ് നമ്പറും വ്യത്യസ്തമാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. ഒരേ

ഗുണഭോക്താവ് തന്നെ ഉരുവിനെ വാങ്ങുകയും വിൽക്കുകയും ചെയ്തിട്ടുള്ളതിനാൽ പദ്ധതിയുടെ യഥാർത്ഥ ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല. സബ്സിഡി തുക ലഭ്യമാവുന്നതിന് മാത്രമാണ് ഇത്തരത്തിലുള്ള കൈമാറ്റം നടത്തിയിട്ടുള്ളതെന്ന് ഓഡിറ്റിൽ ബോധ്യപ്പെട്ടിട്ടുള്ളതിനാൽ ശ്രീമതി. ഉജിഷ. ഇ. ക്ക് അനുവദിച്ച സബ്സിഡി തുകയായയ ₹8000 യുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.മേൽ സൂചിപ്പിച്ച സബ്സിഡി മാർഗ്ഗ രേഖ ഉത്തരവ് പ്രകാരം ജില്ലാ തലത്തിൽ നിശ്ചയിച്ച യൂണിറ്റ് കോസ്റ്റിന്റെ (₹15000) 50% മാത്രമാണ് പൊതുവിഭാഗങ്ങൾക്ക് സബ്സിഡിയായി അനുവദിക്കാവുന്നത്.അപ്രകാരം ഒരു ഗുണഭോക്താവിന് അനുവദിക്കാവുന്ന പരമാവധി സബ്സിഡി തുക ₹7500യാണ്. ആയതിനാൽ മറ്റു 18 ഗുണഭോക്താക്കൾക്ക് അധികം അനുവദിച്ച ₹9000 യുടെ ചെലവും ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്തിനുള്ളിൽ നിന്നു തന്നെ ഉരുക്കളെ വാങ്ങുന്നതിനാൽ പദ്ധതിച്ചെലവിന് ആനുപാതികമായി മാംസം ഉത്പാദനത്തിൽ വർദ്ധനവുണ്ടാകുന്നില്ല. പ്രൊജക്റ്റിന്റെ ലക്ഷ്യം കൈവരിക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയും ശ്രമവും ഉണ്ടായിട്ടില്ല. മറിച്ച് പ്രൊജക്ട് പ്രകാരമുള്ള തുക ചെലവഴിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. മേൽ സൂചിപ്പിച്ച രേഖകളുടെ അഭാവത്തിലും അപാകങ്ങളുടെ അടിസ്ഥാനത്തിലും ₹138020 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജ്ജൻ |
| പ്രോജക്ട് നമ്പർ / പേര് | 17/22 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | ₹250000 വികസന ഫണ്ട് -പൊതുവിഭാഗം<br>₹250000 സംസ്ഥാനാവിഷ്കൃത ഫണ്ട്<br>₹500000 മറ്റുള്ളവ<br>ആകെ : ₹1000000 |
| ചെലവ് | ₹206250 ബിൽ നമ്പർ : 138/21-22/28-12-2021<br>₹43750 ബിൽ നമ്പർ : 190/21-22/31-1-2022<br>ആകെ : ₹250000 |

2021-22 സാമ്പത്തിക വർഷത്തിൽ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ ഭാഗമായി ₹250000 എസ്. എൽ. ബി. പി ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ എന്നവർക്ക് നൽകിയിട്ടുണ്ട്. 25 ഗുണഭോക്താക്കളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മുഴവൻ ഗുണഭോക്താക്കളും പദ്ധതിയിൽ തുടരുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും പദ്ധതിയിൽ നിന്നും ഒഴിവായിട്ടുള്ള ഗുണഭോക്താക്കളുണ്ടെങ്കിൽ സബ്സിഡി വിഹിതം ബാക്കി തുക തിരികെ സർക്കാരിലേക്ക് അടവാക്കേണ്ടതുമാണ്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് എസ്.എൽ.ബി.പി യിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-22 വയോജനങ്ങൾക്ക് കട്ടിൽ- സമാഹരണരീതി തൃപ്തികരമല്ല

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (ആർ ടി) 259/2010 തസ്വഭവ 8-11-2010 ഖ. 2 – സി. സമാഹരണ നടപടിക്രമങ്ങളിൽ ക്രമ നമ്പർ 2 ൽ വാങ്ങേണ്ടിവരുന്ന സാധനങ്ങളുടേയും സേവനങ്ങളുടേയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽതന്നെ നടത്തുകയും ഉചിതമായ നടപടിക്രമമനുസരിച്ച് വാങ്ങൽ നടപടി ആരംഭിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് സെക്രട്ടറിയും, ഐസിഡിഎസ് സൂപ്പർവൈസറും നിർവ്വഹണ ഉദ്യോഗസ്ഥരായി വയോജനങ്ങൾക്ക് കട്ടിൽ എന്ന പദ്ധതി നടപ്പിലാക്കിയത് രണ്ട് സമയങ്ങളിലായി രണ്ട് തരത്തിലാണ്. അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 6/2021 ലെ ടെണ്ടർ പ്രകാരം ജെ. കെ. ഫർണിച്ചർ തേർത്തല്ലി, എന്ന സ്ഥാപനത്തിൽ നിന്നും ഒരു കട്ടിലിന് ₹3600 നിരക്കിൽ 16 ആഞ്ഞിലി മരത്തിന്റെ (Type–2) കട്ടിലുകളും ഐസിഡിഎസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 11/2021 ലെ ടെണ്ടർ പ്രകാരം ഇതേ സ്ഥാപനത്തിൽ നിന്നും ഒരു കട്ടിലിന് ₹3000 നിരക്കിൽ ആഞ്ഞിലി മരത്തിന്റെ (Type–1) 95 കട്ടിലുകളും വാങ്ങിയിട്ടുണ്ട്. അസിസ്റ്റന്റ് സെക്രട്ടറിയുടെ പ്രൊജക്ട് പ്രകാരം വാങ്ങിയ കട്ടിലുകളിൽ ₹3000 യുടെ ടൈപ്പ്-1 കട്ടിലും ₹3600 യുടെ ടൈപ്പ് -2 കട്ടിലും പരിശോധിച്ച് ഗുണനിലവാരം ഉറപ്പ് വരുത്തി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആഞ്ഞിലി മരത്തിൽ പണിത ടൈപ്പ്-2 കട്ടിലുകൾ വാങ്ങുന്നതിന് ശുപാർശ ചെയ്യാൻ 16-11-2021 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റി യോഗത്തിൽ തീരുമാനിച്ചിട്ടുള്ളത്. എന്നാൽ 15-12-2021 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനത്തിൽ ₹3000 യുടെ കട്ടിൽ ഗുണമേന്മയുള്ളതാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഐ.സി.ഡി.എസ് സൂപ്പർവൈസർ നിശ്ചിത എണ്ണം വാങ്ങിയിട്ടുള്ളത്. ഒരേ സ്ഥാപനത്തിൽ നിന്നും ഒരേ സ്പെസഫിക്കേഷനില്ലുള്ള കട്ടിലുകൾ രണ്ട് തരത്തിലാണ് വാങ്ങിയിട്ടുള്ളത്. മേൽ ഉത്തരവിൽ നിരക്കുകൾ താരതമ്യം ചെയ്ത് വാർഷിക പദ്ധതി നിർവ്വഹണത്തിന് പരമാവധി നേട്ടമുണ്ടാകുന്ന വിധത്തിൽ വാങ്ങൽ നടത്തേണ്ടതാണെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. വാങ്ങൽ നടപടിക്രമങ്ങളിൽ സുതാര്യത

നിലനിർത്താനും, ഉത്തരവാദിത്വബോധമുള്ള ശേഖരണനടപടിക്രമം സാധ്യമാക്കുന്നതിനും, ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിനായി, ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

## 1-23 വയോജനങ്ങൾക്ക് കട്ടിൽ - വിതരണം ചെയതതിന്റെ രേഖകൾ ലഭ്യമാക്കിയില്ല ₹285000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്ടിന്റെ പേര് | 42/22 വയോജനങ്ങൾക്ക് കട്ടിൽ |
| അടങ്കൽ | ₹ 285000 വികസനഫണ്ട് – ജനറൽ |
| ചെലവ് | ₹285000 ബിൽ നമ്പർ : 21220352007201263236/07-03-2022 |

വയോജനങ്ങൾക്ക് കട്ടിൽ എന്ന പ്രൊജക്ടിന്റെ ഭാഗമായി ജെ കെ ഫർണിച്ചർ, തേർത്തല്ലി എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ നടപടികളിലൂടെ കട്ടിലൊന്നിന് ₹3000 പ്രകാരം 95 കട്ടിലുകൾ വാങ്ങിയിട്ടുണ്ട്. ഇവയുടെ കൈപ്പറ്റ് രസീത്, ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതതിന്റെയും സ്റ്റോക്കിലെടുത്തതിന്റെയും വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 9/12-01-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 95 കട്ടിലുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട് എന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയത്. എന്നാൽ കട്ടിലുകൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയതതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹285000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 പെൻഷൻ അനുവദിച്ചതിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിലെ മരണ രജിസ്റ്റർ പ്രകാരം 2021-22 സാമ്പത്തിക വർഷം ഈ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ളതും ക്ഷേമ പെൻഷൻ കൈപ്പറ്റിവന്നിരുന്നതുമായ ഏതാനും വ്യക്തികളുടെ വിവരങ്ങൾ സേവന വെബ്സൈറ്റിൽ പരിശോധിച്ചപ്പോൾ ചുവടെ ചേർത്ത ഗുണഭോക്താക്കളുടെ മരണശേഷവും പെൻഷൻ തുക അനുവദിച്ചിട്ടുണ്ടെന്ന് കാണാൻ സാധിച്ചു.

1. പിണറായി ഗ്രാമ പഞ്ചായത്തിലെ ഗുണഭോക്താക്കൾ

| ക്രമ നമ്പർ | പേര് / പെൻഷൻ ഐ ഡി | പെൻഷൻ ഇനം | ഗുണഭോക്താവ് മരണപ്പെട്ട തീയതി | റിമാർക്സ് |
|---|---|---|---|---|
| 1 | എം. ജാനു 111490100339 | സാമൂഹ്യ സുരക്ഷ പെൻഷൻ (കർഷക തൊഴിലാളി പെൻഷൻ) | 28-02-2021 | പെൻഷൻ സ്റ്റാറ്റസ് ആക്ടീവ് ആണ്. 2022 നവംബർ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| 2 | യശോദ. ഇ 111490200874 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 25-03-2021 | പെൻഷൻ സ്റ്റാറ്റസ് ആക്ടീവ് ആണ്. 2021 നവംബർ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| 3 | മോഹനൻ മാട്ടാങ്കോട്ട് 111490201976 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 10-03-2021 | പെൻഷൻ സ്റ്റാറ്റസ് സസപെൻഡ് ആണ്. 2022 സപ്തംബർ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | |
| 4 | മാധവി. യു 111490201486 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 30-05-2021 | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡ് ആണ്. 2022 സപ്തംബർ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. |

2. പിണറായി പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യപ്പെട്ട മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ

| ക്രമ നമ്പർ | പേര് | പെൻഷൻ ഇനം | ഗുണഭോക്താവ് മരണപ്പെട്ട തീയതി | റിമാർക്സ് | ഗ്രാമ പഞ്ചായത്ത് |
|---|---|---|---|---|---|
